➯ *വിളിയോട് പ്രതികരിക്കുന്ന പ്രതികർത്താക്കളാണ് കർത്താക്കളായി മാറുന്നത്* ➯

**ദേശവാസി** എന്ന സംബോധന അടുത്തകാലത്ത് ആവർത്തിച്ച് കേൾക്കുന്ന ഒരു സംബോധനയാണ്. ഈ സംബോധന നിഷ്കളങ്കമായ ഒന്നല്ലെന്നും ഒരുതരത്തിൽ പറഞ്ഞാൽ ideological interpellation ആയി അതിനെ എടുക്കാമെന്നുമാണ് ഇന്നലെ പറഞ്ഞത്. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത് എന്ന് കുറച്ചുകൂടി വിശദമായി നോക്കാം. ഒരാളെ അല്ലെങ്കിൽ ജനസമൂഹത്തെ സംബോധന ചെയ്യുന്നതിലൂടെ ഒരു കർത്താവിനെ ഉണ്ടാക്കിയെടുക്കുന്ന ക്രിയ കൂടി നടക്കുന്നുണ്ട്. വിളിക്കുമ്പോൾ വിളി കേൾക്കുന്നതിലൂടെ, ആരെയാണോ ഉന്നം വച്ചത് ആ ഉന്നത്തിനനുസരിച്ച് നിങ്ങൾ നിങ്ങളെ പാകപ്പടുത്തിയെടുക്കുന്ന ഒരു പ്രക്രിയ അവിടെ നടക്കുന്നു. അൽത്തൂസർ അവതരിപ്പിച്ച interpellation എന്ന ആശയവും-വിളികളിലൂടെയാണ് subject ഉണ്ടാകുന്നത്-അതാണ്. വിളിയോട് പ്രതികരിക്കുന്ന പ്രതികർത്താക്കളാണ് കർത്താക്കളായി മാറുന്നത്.

# ദേശീയഗാനം: ദേശത്തെ പാട്ടിലാക്കുമ്പോൾ

എല്ലാ ദേശരാഷ്ട്രങ്ങളുടെയും ഏറ്റവും പ്രധാനപ്പെട്ട പെർഫോമൻസ് ദേശീയഗാനമാണ്. മിലിറ്റന്റ് ദേശീയതയുടെ വിളംബരമായിട്ടാണ് അത് ഉണ്ടായിട്ടുള്ളത്. മാർച്ച് ചെയ്യാൻ പറ്റുന്ന പാട്ടുതന്നെ വേണ്ടിവരുന്നത് അതുകൊണ്ടാണ്. പെർഫോമേറ്റീവ് ആയ ഒരു ദേശത്തെ ഉണ്ടാക്കിയെടുക്കുന്ന ഗാനമായി തന്നെ ദേശീയഗാനത്തെ കാണണമെന്ന്

**ഡോ. ടി.വി. മധു**

2017 മാർച്ച് 6,7,8 തീയതികളിൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ച് സെക്യുലർ ഫോറം സംഘടിപ്പിച്ച 'ദേശീയതയുടെ പുനർവിഭാവനം' എന്ന പ്രഭാഷണ പരമ്പരയിൽ സംസാരിച്ചത്. **രണ്ടാം ഭാഗം.**

ചെറുപ്പം മുതൽ നമ്മളെ വളർത്തിയെടുക്കുന്നതിന്റെ ആദ്യപടി തന്നെ നല്ല ചൊല്ലുവിളിയുള്ള ആളുകളാക്കി മാറ്റുക എന്നതാണ്. നിങ്ങളുടെ സംബോധനയോട് കുട്ടി പ്രതികരിക്കുന്നുണ്ടോ എന്നാണ് നോക്കുന്നത്. വളർത്തുമൃഗത്തോട് ചെയ്യുന്നതും ഇതുതന്നെയാണ്. പ്രത്യേക പേര് വിളിക്കുമ്പോൾ പ്രതികരിക്കുന്നുണ്ടോ എന്ന് നോക്കും. പക്ഷെ വന്യമൃഗം അത്തരത്തിൽ പ്രതികരിക്കാറില്ല. വന്യമൃഗത്തിന് ചൊല്ലുവിളിയില്ല. വളർത്തുക എന്ന ക്രിയയുടെ ഏറ്റവും ആദ്യപടിയാണ് വിളിച്ചാൽ വിളികേൾക്കുക എന്നത്. പ്രത്യേകരീതിയിൽ ഒരാളെ സംബോധന ചെയ്യുക എന്നത് ഒരു കർതൃത്വത്തെ രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയയുടെ ഭാഗമാണ്. ദേശവാസി എന്ന് അഭിസംബോധന ചെയ്യുന്നത് ദേശവാസിയെ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമമായി കാണണം.

ഏത് സംബോധനയിലും ഒരു തെരഞ്ഞെടുപ്പുണ്ട്. പ്രത്യേക പേരെടുത്ത് വിളിക്കുമ്പോൾ, അല്ലെങ്കിൽ പ്രത്യേക പേരെടുത്ത് ഒരാളെ വിളിക്കുമ്പോൾ ഒരു തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. ഒപ്പം ഒരു ഒഴിവാക്കലും നടക്കുന്നുണ്ട്. സ്ത്രീ എന്ന രീതിയിൽ ഒരാളെ അഭിസംബോധന ചെയ്യുമ്പോൾ സ്ത്രൈണതയുടെ ഏത് അളവുകോൽ വച്ചാണോ നിങ്ങൾ വിളിക്കുന്നത് ആ അളവുകോലിന് നിരക്കാത്ത സ്ത്രീ ഒഴിവാക്കപ്പെടുന്നുണ്ട്. 'എന്റെ പ്രിയപ്പെട്ട ദേശവാസി'

എന്ന് ഞാൻ ഒരാളെ വിളിക്കുമ്പോൾ എന്റെ ദേശത്ത് വസിക്കാത്ത ഒരാൾ അതിൽ നിന്നും ഒഴിവാകുന്നു. എനിക്ക് പ്രിയമല്ലാത്ത ദേശവാസിയും ഒഴിവാകുന്നു. അങ്ങനെ, വിളിയുടെ ഉന്നത്തിൽ എന്താണോ പ്രതീക്ഷിക്കുന്നത് അതുപോലെയുള്ള ഒരു ദേശവാസിയെ ഉണ്ടാക്കിയെടുക്കുന്ന ഒരു പ്രത്യയശാസ്ത്രപരമായ സംബോധനയായി 'പ്യാരേ ദേശവാസിയോം' എന്ന വിളിയെ കാണാം. കുറച്ചുകൂടി അതിന്റെ വിവക്ഷകളെ മുന്നോട്ടുകൊണ്ടുപോയാൽ എല്ലാത്തരത്തിലുള്ള ഐഡന്റിറ്റിയും ഇങ്ങനെ സംബോധനയിലൂടെ ഉണ്ടാകുന്നതാണ് എന്നും ആലോചിക്കാം. ഞാൻ ഇന്ത്യാക്കാരനാകുന്നത് ഇന്ത്യ എന്ന പ്രത്യേക സ്ഥലവുമായി എന്നെ തന്മയീഭവിപ്പിക്കുന്നതിലൂടെയാണ്. ഓരോരുത്തരും അങ്ങനെയാകുന്നത് ഒരു പ്രത്യേക സ്ഥലവുമായി നമ്മൾ നമ്മളെത്തന്നെ താദാത്മ്യപ്പെടുത്തുമ്പോഴാണ്. ജനിച്ചതു മുതൽ എന്നെ ഇന്ത്യാക്കാരനായി ആരും കണക്കാക്കുകയോ സംബോധന ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ ഞാൻ ഇന്ത്യാക്കാരനാകുന്നില്ല. എന്തും ആവുക എന്നത് വിളിയുടെ ഉന്നവുമായി സ്വയം പ്രതിഷ്ഠിക്കുന്നതിലൂടെ മാത്രമാണ്. സംബോധനപരമായ ഒന്നാണ് സ്വത്വം, identity എന്ന് പറയാം. സ്ത്രീ ആകുന്നതോ പുരുഷനാകുന്നതോ ഇന്ത്യക്കാരനാകുന്നതോ ദേശവാസിയാകുന്നതോ എന്തും ആയിത്തീരുന്നത് interpellations ന്റെ ഒരു നെറ്റ്വർക്കിനുള്ളിൽ മാത്രമാണ്. സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നല്ല identity എന്നതരത്തിൽ എടുത്താൽ കുറേക്കൂടി സങ്കീർണ്ണമായ കാര്യങ്ങളിലേക്ക് പോകേണ്ടി വരും. വന്യമൃഗത്തിന്റെ ഉദാഹരണമെടുക്കാം. ഒരു മുയൽ, മുയൽ എന്ന കർതൃസ്ഥാനവുമായി identify ചെയ്യുന്നുണ്ടോ? അതുപോലെ ഭ്രാന്തുള്ളവർക്ക് ചൊല്ലുവിളിയുണ്ടാകില്ല. വിളിച്ചാൽ അവർക്ക് പ്രതികരിക്കാൻ കഴിയില്ല. ഭ്രാന്തന് അയാൾ ഭ്രാന്തനല്ല. കാരണം, ഭ്രാന്തൻ എന്ന വിളിയോട് പ്രതികരിക്കാൻ തയ്യാറായാൽ മാത്രമേ ഭ്രാന്തൻ എന്ന identity ഉണ്ടാകൂ. ഈ രീതിയിൽ ഏത് identity യെ നോക്കിയാലും വിളികളുടെ ഒരു പ്രത്യയശാസ്ത്രപരമായ വിവക്ഷ വളരെ പ്രധാനമായി വരും.

> ഞാൻ ഇന്ത്യാക്കാരനാകുന്നത് ഇന്ത്യ എന്ന പ്രത്യേക സ്ഥലവുമായി എന്നെ തന്മയീഭവിപ്പിക്കുന്നതിലൂടെയാണ്. ഓരോരുത്തരും അങ്ങനെയാകുന്നത് ഒരു പ്രത്യേക സ്ഥലവുമായി നമ്മൾ നമ്മളെത്തന്നെ താദാത്മ്യപ്പെടുത്തുമ്പോഴാണ്. ജനിച്ചതു മുതൽ എന്നെ ഇന്ത്യാക്കാരനായി ആരും കണക്കാക്കുകയോ സംബോധന ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ ഞാൻ ഇന്ത്യാക്കാരനാകുന്നില്ല. എന്തും ആവുക എന്നത് വിളിയുടെ ഉന്നവുമായി സ്വയം പ്രതിഷ്ഠിക്കുന്നതിലൂടെ മാത്രമാണ്.

എപ്പോഴാണ് വിളിയുടെ ഉന്നമായി മനുഷ്യർ മാറുന്നത്? ജനിച്ചനാൾ മുതൽ നമ്മൾ ഇത്തരത്തിലുള്ള സംബോധനകളുടെ ഉന്നമാണ്. പുരുഷനാണെന്ന് പറയുന്നു, അല്ലെങ്കിൽ സ്ത്രീയാണെന്ന് പറയുന്നു, പ്രത്യേക ജാതിയിൽപ്പെട്ട ആളാണെന്ന് പറയുന്നു. വളർത്തുമൃഗത്തിന്റെ ജനനം നടക്കുന്നതു തന്നെ സംബോധനകളുടെ ഒരു ശൃംഖലയിലാണ്. ആ ശൃംഖലയിലൂടെയാണ് അത് എന്തെങ്കിലും ആയിത്തീരുന്നത്. ഇന്ത്യാക്കാരായ ദമ്പതികൾക്ക് പിറക്കുന്ന കുട്ടിയും ഇന്ത്യാക്കാരനാണ്. അപ്പോൾ ജനിച്ചുവീഴുക എന്ന ആ moment തന്നെ ഇന്ത്യാക്കാരനോ ഇന്ത്യാക്കാരിയോ ആയിട്ടാണ്. ഭാവനയുടെ ഒരു ഭൂപടത്തിലാണ്, ഭൂമിയിലല്ല ജനനം എന്ന event നടക്കുന്നത്. ഒരു കുടുംബത്തിനുള്ളിലാണ് പിറന്നുവീഴുന്നത് എന്ന് പറയുമ്പോൾ നിങ്ങൾ പിറക്കുന്നത് ഭൂമിയിലല്ല, ഒരു പ്രത്യേക വ്യവസ്ഥയ്ക്കുള്ളിൽ അതിന്റെ സംബോധന ശൃംഖലകൾക്കുള്ളിലാണ്. അതുകൊണ്ടുതന്നെ ജന്മനാ നടക്കുന്ന ഒരു പ്രക്രിയയാണ് സംബോധന എന്നു പറയാം. ഹിന്ദുവായിട്ടുള്ള അച്ഛനും അമ്മയ്ക്കും പിറക്കുന്ന കുട്ടി ജനിക്കുന്നതിന് മുമ്പേ ഹിന്ദുവാണ്, അല്ലാതെ ജനിക്കാൻ കഴിയില്ല. ജനിക്കുന്നതിന് മുമ്പുതന്നെ ആ ശരീരം ഒരു സംബോധനാ ശൃംഖലയ്ക്കുള്ളിൽ ആയിക്കഴിഞ്ഞു. ആ അർത്ഥത്തിൽ ശരീരത്തെ നോക്കിയാൽ inscribed അല്ലാത്ത ശരീരം ഇല്ല എന്ന് പറയാം. എല്ലാ ശരീരവും ജനിച്ചുവീഴുന്നതിന് മുന്നേതന്നെ പല തരത്തിലുള്ള മൂല്യങ്ങൾ അന്തർരേഖിതമായ രീതിയിലാണ് ജനിച്ചുവീഴുന്നത്. ഒരുപക്ഷെ, മനുഷ്യജീവിയുടെ existential ആയ predicament ആണ് ഈ സംബോധനയുടെ ശൃംഖലകൾക്കുള്ളിൽ ജനിച്ചുവീഴുക എന്ന് പറയുന്നത്. മനുഷ്യൻ മാത്രമാണ് മുഖാമുഖം നോക്കി സംസാരിക്കുന്ന ജീവി. കണ്ണുകളിലേക്ക് നോക്കി സംസാരിക്കുന്നതും existential predicament ആകും. ഞാൻ നിങ്ങളെയും നിങ്ങൾ എന്നെയും ശ്രദ്ധിക്കു

കയാണ്. ഈ ശ്രദ്ധ മറ്റു ജീവികളിൽ കുറവാണ്. Face ചെയ്യാൻ പഠിപ്പിക്കുകയാണ് വളർത്തുന്നതിന്റെ മറ്റൊരു രീതി. വിളിക്കുമ്പോൾ കുട്ടി അവിടേക്ക് മുഖം തിരിക്കുന്നുണ്ടോ എന്നാണ് നമ്മൾ നോക്കുന്നത്. ഒരാൾ മനുഷ്യനായി തീരുന്നതിന്റെ ആദ്യപടിയാണ് മുഖത്തേക്ക് നോക്കാൻ പഠിക്കുന്നത്. മുഖത്തേക്ക് നോക്കിയില്ലെങ്കിൽ എന്തോ ഒരു തകരാറുണ്ടെന്നാണ് നമ്മൾ പറയുന്നത്. കള്ളലക്ഷണമുള്ള ആളാണത് എന്ന് പറയും. മുഖത്ത് നോക്കാത്ത ആളുകളെ റാഷണൽ അല്ലാത്ത, സോഷ്യലൈസ് ചെയ്യാത്ത ഹ്യൂമൻ ബീയിംഗ് ആയാണ് കാണുന്നത്. അഭിമുഖീകരണം എന്നത് ഒരു പ്രത്യേക വ്യവസ്ഥയിലേക്ക് നമ്മളെ വിളക്കിച്ചേർക്കുന്നതിന്റെ ഭാഗമാണ്. അങ്ങനെയെങ്കിൽ, ദേശം എന്ന ഭാവന ഒരു ഭവനമായി സങ്കൽപ്പിക്കപ്പെടുകയും ആ ഭവനത്തിലേക്ക് നമ്മളെ വിളക്കിച്ചേർക്കുന്നതിന്റെയും ആദ്യപടിയാണ് സംബോധന. ദേശത്ത് ജനിച്ചയാളല്ല ദേശവാസി. ഇന്ത്യ എന്ന ഭൂമിശാസ്ത്രപരമായ പരിധിക്കുള്ളിൽ ജനിക്കുമ്പോഴല്ല ദേശവാസിയുണ്ടാകുന്നത്. മറിച്ച്, ദേശം എന്ന ഭാവനയിലേക്ക് നിങ്ങൾ സംബോധനകളിലൂടെ ആനയിക്കപ്പെടുമ്പോഴാണ് ദേശവാസിയുണ്ടാകുന്നത്. അങ്ങനെയാണ് ഒരു ഭാവന ഭവനമായി മാറുന്നത്. ദേശഭാവന ഭവത്തിന്റെ ഇടമായി, ഉണ്മയുടെ ഇടമായി മാറുന്നത്.

പലതരത്തിലുള്ള സംബോധനകളിലൂടെയാണ് ഒരു കർത്താവ് രൂപപ്പെടുന്നത്. കർത്താവ് എന്നത് കർമ്മം ചെയ്യുന്ന ആളെയാണല്ലോ നമ്മൾ പറയുന്നത്. കർമ്മത്തിന് ഉത്തരവാദിയായ ആളാണ് കർത്താവ്. സംസാരിക്കുക എന്ന ക്രിയയുടെ ഉത്തരവാദി ഞാനാകുമ്പോഴാണ് ഞാൻ കർത്താവാകുന്നത്. ദേശീയഗാനം പാടുമ്പോൾ എഴുന്നേറ്റ് നിൽക്കണം എന്ന് ആവശ്യപ്പെടുമ്പോൾ കർത്താവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് നടക്കുന്നത്. ഈ കാഴ്ച്ചാടിനെ കുറച്ചുകൂടി മുന്നോട്ടുകൊണ്ടുപോകുമ്പോൾ പ്രസക്തമായേക്കാവുന്ന മറ്റൊരു ആശയമുണ്ട്. ജൂഡിത് ബട്‌ലർ എന്ന നിങ്ങൾക്കും പരിചിതയായ ഫെമിനിസ്റ്റ് ചിന്തകയുടെ performativity എന്ന ആശയമാണത്. ജെൻഡർ ഐഡന്റിറ്റിയെക്കുറിച്ചാണ് അവർ ഇത് പറയുന്നത്. ജെൻഡൽ ഐഡന്റിറ്റി performative ആയി ഉണ്ടാകുന്നതാണ് എന്നാണ് അവർ പറയുന്നത്. ജെൻഡർ ഐഡന്റിറ്റിയുടെ കാര്യത്തിൽ മാത്രമാണിതെന്നും മറ്റ് ഐഡന്റിറ്റികളെക്കുറിച്ചുള്ള പഠനത്തിൽ അത്ര പ്രസക്തമല്ലെന്നും അവർ തന്നെ പറയുന്നുണ്ട്. എന്നാൽ പിന്നീട് പലതലത്തിൽ പലരും അത് ഉപയോഗിക്കുന്നുണ്ട്. ഒരു സ്ത്രീ ഉണ്ടാകുന്നത്, അല്ലെങ്കിൽ ഒരു പ്രത്യേക ഐഡന്റിറ്റിയുള്ള വ്യക്തിയുണ്ടാകുന്നത് performative ആയി സംഭവിക്കുന്ന ഒന്നാണെന്നാണ് അവരുടെ വാദം. ഒരു പ്രത്യേക തരത്തിലുള്ള ആവിഷ്കാരമാണത്. ബട്‌ലറുടെ അഭിപ്രായത്തിൽ ആണത്തം എന്നത് പലതരത്തിലുള്ള പ്രകടനങ്ങളിലൂടെ—പ്രത്യേകരീതിയിൽ നടക്കുന്നു, പ്രത്യേകരീതിയിൽ സംസാരിക്കുന്നു, പ്രത്യേകരീതിയിൽ കാര്യങ്ങളെ കാണുന്നു—അത്തരം performances ലൂടെയാണ് masculinity നിൽക്കുന്നത്. ആരും അങ്ങനെ പെർഫോം ചെയ്തില്ലെങ്കിൽ ആണത്തമില്ല. Performative ആയ മോഡിൽ മാത്രമാണ് ഐഡന്റിറ്റിയെ കാണാൻ കഴിയുന്നത്. സ്ത്രൈണത പലരീതിയിൽ ആവിഷ്കരിക്കപ്പെടുകയല്ല, പലതരത്തിലുള്ള ആവിഷ്കാരങ്ങളിലൂടെ സ്ത്രൈണത ഉണ്ടാവുകയാണ് ചെയ്യുന്നത് എന്നാണ് ബട്‌ലർ പറയുന്നത്. ആവിഷ്കാരങ്ങൾക്ക് പുറകിലുള്ള ഒരു essence ആയി ഇത്തരം പ്രകടനങ്ങൾ നിലനിൽക്കുന്നു. സ്ത്രൈണമായ പലതരം ആവിഷ്കാരങ്ങൾക്ക് പിന്നിൽ സ്ത്രൈണത കുടികൊള്ളുന്നില്ല. ആൺ എന്ന് പറയുന്ന പെരുമാറ്റങ്ങൾ പിന്നിൽ ആണത്തം എന്ന് പറയുന്നത് കുടികൊള്ളുന്നില്ല. അത് അതിന്റെ പിന്നിലല്ല നിൽക്കുന്നത്, മറിച്ച് ആവിഷ്കാരങ്ങളിലൂടെയാണ് ആണത്തം ഉണ്ടാകുന്നത്. Performances ലൂടെയാണ് തന്മത്തം ഉണ്ടാകുന്നത്. ജെൻഡർ എന്നത് performative ആണെന്ന വാദം ഒരുപാട് ചർച്ച ചെയ്തിട്ടുള്ള വാദമാണ്. Performance ഉം performativity യും രണ്ടാണെന്ന് അവർ പറയുന്നുണ്ട്. Performance എന്ന് പറയുമ്പോൾ അവിടെ ഒരു performer ഉണ്ട്. അയാളാണ് perform ചെയ്യുന്നത്. ഉദാഹരണത്തിന്, ഒരു നേഷൻ perform ചെയ്യുന്നു എന്ന പറഞ്ഞാൽ ദേശീയഗാനമായിട്ടും മാർച്ച് പാസ്റ്റായിട്ടും അങ്ങനെ പലതരത്തിൽ perform ചെയ്യുന്ന ഒരു നേഷൻ അതിന്റെ പിന്നിലുണ്ട് എന്നാണ്. ഇത്തരം performances ലൂടെയാണ് നേഷൻ ഉണ്ടാകുന്നത്. Performance ഇല്ലെങ്കിൽ നേഷൻ ഇല്ല. Performance ഉം performativity യും തമ്മിലുള്ള വ്യത്യാസം അതാണ്. എന്താണോ perform ചെയ്യുന്നത് അത് ഉണ്ടാകുന്നത് performances ലൂടെയാണ്, പലതരം ആവിഷ്കാരങ്ങളിലൂ

ടെയാണ്. ആവിഷ്കാരങ്ങൾ നിർത്തിവച്ചാൽ പിന്നെ അതില്ല. ആണത്തത്തിന്റെ പ്രകടനങ്ങൾ നിർത്തിവച്ചാൽ ആണത്തം ഇല്ലാതാകും. സ്ത്രൈണതയുടെ പ്രകടനങ്ങൾ നിർത്തിവച്ചാൽ സ്ത്രൈണത ഇല്ലാതാകുന്നു. സ്ത്രൈണത എന്നത് പ്രകടനങ്ങൾക്ക് പിന്നിലുള്ള essence അല്ല. മറിച്ച്, പലതരത്തിലുള്ള പ്രകടനങ്ങളിലൂടെ രൂപപ്പെടുന്ന ഒന്നാണ് സ്ത്രൈണത എന്നതാണ് ബട്ലറുടെ വാദം.

ബട്ലർ നാഷണൽ ഐഡന്റിറ്റിയെക്കുറിച്ചല്ല ഇത് പറഞ്ഞത്. എന്നാൽ പിന്നീട് പല പഠനങ്ങളും നേഷൻ എന്നതുതന്നെ performative ആയിട്ടുള്ള ഒന്നാണ് എന്ന തരത്തിൽ വരുകയുണ്ടായി. ദേശീയഗാനത്തെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ ഇത് വളരെ പ്രധാനമാണ്. നേഷൻ ഒരു ഭാവനയാണെന്നും ആ ഭാവനയിൽ വസിക്കുമ്പോഴാണ് അത് ഭവനമായി മാറുന്നതെന്നും മുമ്പ് പറഞ്ഞിരുന്നു. ഈയൊരു ഭാവനയുണ്ടാകുന്നതിന്റെ അനിവാര്യമായ ഉപാധി performances ആണ്. ദേശം രൂപപ്പെടുന്നത് performative ആയിട്ടാണ് എന്ന തരത്തിൽ നോക്കിയാൽ ദേശീയഗാനം അടക്കമുള്ള നേഷന്റെ എല്ലാ performances നും പുതിയൊരു അർത്ഥം കിട്ടും. ഇത് പറയുമ്പോൾ ബ്രിട്ടീഷ് ഭാഷാതത്വചിന്തകനായ ജെ.എൽ. ഓസ്റ്റിൻ പറയുന്ന വാദം നോക്കേണ്ടതുണ്ട്. ഭാഷയെപ്പറ്റിയുള്ള ഓസ്റ്റിന്റെ ചിന്ത രണ്ടുതരത്തിലുള്ള utterances നെ കുറിച്ച് പറയുന്നുണ്ട്. ഒന്ന് constative utterance, അതായത് വിവരണാത്മകമായി പറയുക. ഒരു സെന്റൻസിലൂടെ ഒരു കാര്യത്തെ വിവരിക്കുന്നു. നിങ്ങൾക്ക് മുന്നിലുള്ള യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുന്നതിന് വേണ്ടി വാക്കുകൾ ഉപയോഗിക്കുന്നു. മറ്റൊന്ന് performative utterance ആണ്. അതായത് നിങ്ങളുടെ മുന്നിലുള്ള യാഥാർത്ഥ്യത്തെ വാക്കുകളിലൂടെ പ്രതിനിധാനം ചെയ്യുകയല്ല, മറിച്ച് ഒരു യാഥാർത്ഥ്യത്തെ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി അദ്ദേഹം പറയുന്നത് നോക്കാം. ഒരു കപ്പലിന്റെ പേര് ക്വീൻ എലിസബത്ത് എന്നാണ് എന്ന് പറയുമ്പോൾ മുന്നിലുള്ള ഒരു കപ്പലിനെ വാചകത്തിലാക്കുകയും അതിനെ പ്രതിനിധാനം ചെയ്യുകയും ചെയ്യുന്ന കർമ്മമാണ് ഭാഷ ചെയ്യുന്നത്. നേരെ മറിച്ച് from this moment onwards this ship shall be Queen Elizabet എന്ന് പറയുമ്പോൾ അത് performative ആണ്. നിലവിൽ ക്വീൻ എലിസബത്ത് എന്ന കപ്പൽ ഇല്ല. പക്ഷെ വാക്കുകളിലൂടെ ക്വീൻ എലിസബത്ത് എന്ന കപ്പൽ ഉണ്ടായിവരുകയാണ് ചെയ്യുന്നത്. Doing words എന്നാണ് അദ്ദേഹം ഇതിന് പറയുന്നത്. പ്രവർത്തി ചെയ്യുന്ന വാക്കുകൾ. 'How to do things with words' എന്ന ഒരു പുസ്തകം തന്നെ അദ്ദേഹം എഴുതിയിട്ടുണ്ട്. Thank you എന്ന് പറയുമ്പോൾ ആ utterances ലൂടെ ഞാൻ താങ്കിംഗ് എന്ന പ്രവർത്തിയാണ് ചെയ്യുന്നത്, അല്ലാതെ ഒന്നിനെ വിവരിക്കുകയല്ല. ഭാഷയെ പ്രവർത്തി ചെയ്യുന്ന വാക്കുകളുടെ ഒരു വ്യവസ്ഥയായി സങ്കൽപ്പിക്കുകയാണെങ്കിൽ ഭാഷ മുഴുവൻ performative ആണ് എന്ന രീതിയിൽ എടുക്കാം. ഇത്തരം ഒരു ബൈനറിയിൽ ഭാഷയെ തിരിക്കുന്നത് തന്നെ തെറ്റാണെന്നും ഭാഷ തന്നെ performative ആണെന്നും ദെറീദ പറയുന്നുണ്ട്. യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുകയല്ല, യാഥാർത്ഥ്യത്തെ ഉണ്ടാക്കുകയാണ് ഭാഷ ചെയ്യുന്നത് എന്ന് അദ്ദേഹം പറയുന്നു. Performative ആണ് വാക്കുകൾ എന്നതിനെ മറ്റൊരു ഉദാഹരണത്തിലൂടെ replace ചെയ്താൽ, ഇന്ത്യ ഇന്നു മുതൽ ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കായി അറിയപ്പെടും എന്ന authoritative ആയ ഡിക്ലറേഷൻ തന്നെ performative ആണ്. ഇന്ത്യ എന്ന സ്വതന്ത്ര പരമാധികാര രാജ്യത്തെ നിങ്ങൾ വിവരിക്കുകയല്ല, മറിച്ച് അതിനെ നിർമ്മിക്കുകയാണ് ആ വാക്കുകളിലൂടെ ചെയ്യുന്നത്. ദേശത്തെ സംബന്ധിക്കുന്ന എല്ലാ പ്രസ്താവനകളും ഈ സൃഷ്ടി കർമ്മമാണ് ചെയ്യുന്നത്. പ്രത്യേക യാഥാർത്ഥ്യത്തെ രൂപപ്പെടുത്തിയെടുക്കുന്ന performative ആയ ക്രിയയാണ് അവിടെ നടക്കുന്നത്. ദേശത്തിന് നിലനിൽക്കാൻ കഴിയുന്നത് performative ആയ mode ൽ മാത്രമാണ് എന്ന് കാണുകയാണെങ്കിൽ നമ്മുടെ പ്രതിജ്ഞയുടെ കാര്യം നോക്കാം. എല്ലാവരും സ്കൂളിൽ പഠിക്കുമ്പോൾ ചൊല്ലുന്നതും പാഠപുസ്തകങ്ങളിലെല്ലാമുള്ളതുമായ 'ഇന്ത്യ എന്റെ രാജ്യമാണ്' എന്ന് തുടങ്ങുന്ന ആ പ്രതിജ്ഞ ചൊല്ലുന്നത് ഒരു പെർഫോമൻസ് ആണ്. എല്ലാ ഇന്ത്യാക്കാരും സഹോദരീ സഹോദരന്മാരായ, ഒരേ ഉദരത്തിൽ പിറന്ന ആളുകളുള്ള ഒരു ഇന്ത്യയെ സൃഷ്ടിക്കുകയാണ് പ്രതിജ്ഞ ചെയ്യുന്നത്. ഇന്ത്യയെ ഉണ്ടാക്കുന്ന ഒരു ക്രിയയുടെ ഭാഗമായ performative ആയ ദൗത്യം നിർവഹിക്കുന്ന വാക്കുകളായി ഈ പ്രതിജ്ഞയെ നമുക്ക് കാണാം. ബട്ലറുടെ

➾ *ലക്ഷണമൊത്ത ഒരു ദേശവാസി ഉണ്ടാക്കുന്ന ക്രിയയാണ് അവിടെ നടക്കുന്നത്* ➾



ജൂഡിത് ബട്‌ലർ

അഭിപ്രായത്തിൽ 'ഇത് ഒരു പെൺകുട്ടിയാണ്' എന്ന് പറയുന്നത് ഒരു performative ആയ വാചകമാണ്. പെൺകുട്ടിയുടെ യഥാർത്ഥ ബയോളജിക്കൽ അവസ്ഥയെ വിവരിക്കുന്ന സെന്റൻസ് അല്ല അത്. It is a girl എന്ന് പറയുമ്പോൾ, it എന്ന ജെൻഡർ ന്യൂട്രൽ ആയ ഒന്നിനെ നിങ്ങൾ girl ആക്കുകയാണ് എന്നാണ് ബട്‌ലർ പറയുന്നത്. Performative ആയ ഒരു ക്രിയയാണത്. ഒരു സ്ത്രീ ഉണ്ടാകുന്നത് ഗേളിംഗ് എന്ന പ്രോസസിലൂടെയാണ് എന്നാണ് അവരുടെ വാദം. എന്താണോ ഒരു സ്ത്രീയിൽ നിങ്ങൾ പ്രതീക്ഷിക്കുന്നത് അതനുസരിച്ച് പെരുമാറാൻ വിധിക്കപ്പെട്ട ഒരു ജീവിയായി അതിനെ മാറ്റുന്നതിന്റെ ആദ്യപടിയാണ് 'it is a girl' എന്ന വിളി. ഈ രീതിയിൽ 'ഇതൊരു ഇന്ത്യാക്കാരനാണ്' എന്ന് പറയുന്നതിനെ നോക്കിയാൽ, ദേശവാസി എന്ന് പറയുന്നത് descriptive അല്ല, performative ആണ് എന്ന് കാണാം. ദേശവാസിയെ ഉണ്ടാക്കലാണ് അവിടെ നടക്കുന്നത്. ജനിച്ച് ജീവിക്കാൻ കഴിയാതെപോയ ഒരു ദേശവാസിയെ ഇന്ത്യയുടെ ചരിത്രത്തിൽ നോക്കിയാൽ കാണാൻ കഴിയും. ആ ദേശവാസിയെയല്ല മോദി സംബോധന ചെയ്യുന്നത്. ലക്ഷണമൊത്ത ഒരു ദേശവാസി ഉണ്ടാക്കുന്ന ക്രിയയാണ് അവിടെ നടക്കുന്നത്.

ദേശത്തെ മുഴുവൻ performative ആയ ഒന്നായി കാണുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. എന്നാൽ ഒരു കാര്യം ഉറപ്പാണ്. മസ്കുലിൻ ആയ performances ഇല്ലെങ്കിൽ മസ്കുലിനിറ്റി ഇല്ല എന്ന് പറയുന്നതുപോലെ, ഫെമിനിൻ ആയ performances ഇല്ലെങ്കിൽ ഫെമിനിനിറ്റി ഇല്ല എന്ന് ബട്‌ലർ പറയുന്ന പോലെ നേഷന്റെ performances ഇല്ലെങ്കിൽ നേഷൻ ഇല്ല എന്ന് പറയുന്നതും ശരിയാണ്. നേഷൻ ഉണ്ടാകുന്നതിന്റെ ഉപാധികൾ performances ആണ്. Performancesലൂടെ നിരന്തരം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒന്നാണ് നേഷൻ. ദേശീയഗാനവും ദേശീയപതാകയും അടക്കമുള്ള എല്ലാ performances ഉം ദേശത്തെ സൂചിപ്പിക്കുകയല്ല, ദേശത്തെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. Performative ആയ mode ൽ മാത്രം നിലനിൽക്കാൻ കഴിയുന്ന ഒന്നായി നേഷനെ കാണുക എന്ന കാഴ്ച വളരെ പ്രധാനമാണ്.

ദേശീയവാദം എന്താണ് ചെയ്തിട്ടുള്ളത് എന്ന് നോക്കാം. ഇന്ത്യയിൽ ഒരു ദേശരാഷ്ട്രവും ദേശവാസിയും രൂപപ്പെടുന്നതിന് മുമ്പുതന്നെ ദേശം എന്നത് പല മിത്തുകളിലൂടെയും പാരമ്പര്യത്തിന്റെ ചിഹ്നങ്ങളിലൂടെയും നിലനിന്നിരുന്നു എന്ന് പറയാൻ കഴിയില്ല എന്നാണ് എന്റെ അഭിപ്രായം. ഏർണസ്റ്റ് ഗെൽനർ എന്ന ചിന്തകൻ ദേശീയവാദത്തെക്കുറിച്ച് പറയുന്നത് നോക്കാം."nationalism is not awakening nations to self consiousness: it invents nations where they do not exsist" എന്നാണ് പറയുന്നത്. ദേശീയവാദം ദേശത്തെ അതിന്റെ സ്വത്വബോധത്തിലേക്ക് ഉണർത്തുകയല്ല ചെയ്തിട്ടുള്ളത്, മറിച്ച് ദേശീയവാദമാണ് അങ്ങനെ ഒന്ന് ഇല്ലാത്ത സ്ഥലത്ത് നിന്നും ഒരു ദേശത്തെ invent ചെയ്യുന്നത് എന്നർത്ഥം. ദേശീയവാദം എന്നത് ദേശീയതയുടെ പ്രകടനമല്ല, മറിച്ച് ദേശീയവാദത്തിലൂടെയാണ് ദേശീയതയുണ്ടാകുന്നത് എന്ന വാദം എടുത്താൽ ദേശീയപ്രസ്ഥാനം എന്താണ് ചെയ്തിട്ടുള്ളത് എന്ന് നോക്കാം. ഉള്ളിലുള്ള ഒരു വിദേശിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്വദേശിയെയുണ്ടാക്കുകയാണ് ദേശീയപ്രസ്ഥാനം ചെയ്തിട്ടുള്ളത്. ദേശവാസിയുടെ ഒരു ബീജരൂപം ഈ സ്വദേശിയിലുണ്ട്. ഉള്ളിലുള്ള വിദേശിയെ പുറന്തള്ളുന്ന പ്രക്രിയയുടെ പേരാണ് ദേശീയപ്രസ്ഥാനം എന്നത്. ഇല്ലാതിരുന്ന ഒരു ദേശത്തെ അത് invent ചെയ്യുകയാണ് ചെയ്തത്. അതിനുമുമ്പ് പല കഥകളിലൂടെയും മിത്തുകളിലൂടെയും ദേശം നിലനിന്നിട്ടുണ്ടാകാം. പക്ഷെ ദേശം എന്ന ഭാവനയെ രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്ന, ദേശവാസി എന്ന ജീവിയെ രൂപപ്പടുത്തിയെടുക്കാൻ കഴിയുന്ന ഒന്നാണോ അത് എന്നത് വളരെ സംശയകരമായ കാര്യമാണ്. ഇല്ലാതിരുന്ന ഒരു ദേശത്തെ invent ചെയ്തത് ദേശീയ പ്രസ്ഥാനമാണ്.

Interpellation ലൂടെയും performances ലൂടെയുമാണ് എന്തും ഉണ്ടാകുന്നത് എന്ന് അനുമാനിക്കുകയാണെങ്കിൽ അവിടെ നമ്മൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം ഇത് എങ്ങനെ സംഭവിക്കുന്നു എന്നതാണ്. ഹിന്ദു എന്ന് വിളിക്കുമ്പോൾ ഞാൻ വിളി കേൾക്കുന്നുണ്ടെങ്കിൽ വിളിയോട് പ്രതികരിക്കുക എന്ന് പറയുന്നത് എങ്ങനെ സംഭവിക്കുന്നു? വളരെ ലളിതമായ ഈ ക്രിയയുടെ ഉള്ളിൽ സങ്കീർണ്ണമായ ഒരു പ്രക്രിയ നടക്കുന്നുണ്ട്. എങ്ങനെയാണ് എന്നെ വിളിക്കുമ്പോൾ ഞാൻ വിളി കേൾക്കുന്നത്? എന്നെ

➪ ‘എന്നോട് പറഞ്ഞു, ഞാൻ കേട്ടു’ എന്ന് പറയുമ്പോൾ ഇത് രണ്ടും തമ്മിൽ തന്മയീഭവിക്കുകയാണ് ➪


ജെ.എൽ. ഓസ്റ്റിൻ

യാണ് വിളിച്ചതെന്ന് ഞാൻ തിരിച്ചറിയുന്നത് എങ്ങനെയാണ്? ദേശവാസി എന്ന് വിളിക്കുമ്പോൾ ദേശവാസിയായി മാറുന്നത് എങ്ങനെയാണ്? വിളിയുടെ ഉന്നവുമായി താദാത്മ്യപ്പെടുന്ന ആ പ്രക്രിയ വളരെ സങ്കീർണ്ണമായ ഒന്നാണ്. ദേശീയഗാനം പാടുമ്പോൾ എഴുന്നേറ്റ് നിൽക്കണം എന്ന് പറയുമ്പോൾ എന്റെ ശരീരം എന്തുകൊണ്ടാണ് സ്വാഭാവികമായി എഴുന്നേൽക്കുന്നത്? സ്റ്റേറ്റോ കോടതിയോ ആവശ്യപ്പെടുമ്പോൾ എങ്ങനെയാണ് എഴുന്നേറ്റ് നിൽക്കുന്നത്? എന്നോട് നിങ്ങൾ പറയുമ്പോൾ ഞാൻ അനുസരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയ ഇവിടെ നടക്കുന്നു. ‘ഞാൻ’ (I) എന്ന ഉത്തമപുരുഷ സർവ്വനാമത്തെ നമുക്കൊന്ന് ശ്രദ്ധിക്കാം. ഞാൻ എന്നതിനെ നമുക്ക് രണ്ടായി തിരിക്കാം. ജി.എച്ച്. മെയീഡ് എന്ന അമേരിക്കൻ ചിന്തകൻ അവതരിപ്പിച്ച വാദമാണിത്. ഞാൻ എന്നതിനെ രണ്ട് moments ആയി എടുക്കാം- ‘I’ and ‘Me’. മലയാളത്തിൽ ‘ഞാൻ’ ‘എൻ’ എന്ന് പറയാം. എന്നോട് പറയുന്നു, ഞാൻ ചെയ്യുന്നു എന്നിടത്ത് ഞാനും എനും തമ്മിലുള്ള ഒരു ഐക്യപ്പെടൽ നടക്കുന്നുണ്ട്. എന്താണ് ‘ഞാൻ’ ഉം ‘എൻ’ ഉം തമ്മിലുള്ള വ്യത്യാസം. ഞാൻ എന്ന ശബ്ദത്തിലൂടെ ഉദേശിക്കുന്നത് എന്താണോ അത് ഒരിക്കലും നിങ്ങൾക്ക് ലഭ്യമല്ല എന്നതാണ് അതിന്റെ പ്രത്യേകത. ഞാനോട് സംസാരിക്കാൻ കഴിയില്ല, എന്നോടേ സംസാരിക്കാൻ കഴിയൂ. നിങ്ങൾക്ക് മുന്നിൽ ലഭ്യമായ ‘ഞാൻ’ (I) ആണ് ‘എൻ’ (Me). ഞാൻ നിങ്ങൾക്ക് ലഭ്യമാകുന്നത് എൻ മാത്രമായാണ്. അതായത് സാമൂഹികമായ ഉടയാടകളുള്ള ഒരു എൻ ആണ് ലഭ്യമാകുന്നത്. സാമൂഹികമായ ഉടയാടകളിൽ പ്രത്യക്ഷപ്പെടുന്ന ഞാൻ ആണ് എൻ. നിങ്ങളെല്ലാവരും സംസാരിക്കുന്നത് അതിനോടാണ്. ഞാൻ തന്നെ എന്നെ കാണുന്നത് എൻ ആയിട്ടാണ്. ഞാൻ ഞാനെക്കുറിച്ചല്ല പറയുന്നത്, എന്നെക്കുറിച്ചാണ്. Socialy available ആയിട്ടുള്ള എന്നെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. അതുകൊണ്ടുതന്നെ ആത്മകഥ എഴുതുക എന്നത് സാദ്ധ്യമല്ല എന്നാണ് എന്റെ വാദം. ഞാൻ ഞാനെക്കുറിച്ച് സംസാരിക്കുക സാദ്ധ്യമല്ല. കാരണം ഞാൻ ലഭ്യമാകുന്നത് എൻ ആയിട്ടാണ്. എന്നെക്കുറിച്ച് സംസാരിക്കുക എന്ന് പറഞ്ഞാൽ അത് ആത്മകഥയല്ല, ജീവചരിത്രമാണ്. ഞാൻ എന്ന് പറയുന്നത് വർത്തമാനത്തിൽ മാത്രമേ നിൽക്കൂ. എൻ എന്നത് ഭൂതകാലമാണ്. ഞാനും എനും തമ്മിൽ കാലികവും ഭവപരവുമായ ഒരകലമുണ്ട്. ഈ വിടവ് എപ്പോഴുമുണ്ടാകും. ജി.എച്ച്. ബെയീഡ് ഒരു നായ അതിന്റെ വാല് കടിക്കാൻ തിരിയുന്നതുപോലെയുള്ള ഒരു പരാക്രമമായാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. അത് ഒരിക്കലും സാധ്യമാകില്ല. ഞാനും എനും തമ്മിലുള്ള വ്യത്യാസവും അങ്ങനെയാണ്. ഞാനും എനും തമ്മിലുള്ള വിടവിനിടയിലെ വെപ്രാളമാണ് വാസ്തവത്തിൽ സ്വത്വബോധം. സ്വത്വം ഉണ്ടാവുക സാധ്യമല്ല എന്നുതന്നെ പറയാം. ഞാനും എനും തമ്മിലുള്ള ഒരിക്കലു കൂട്ടിമുട്ടാത്ത വിടവ് ആണ് അതിന് കാരണം. ആ വിടവിനെ നമ്മൾ നികത്തി എന്ന് സങ്കൽപ്പിച്ചുകൊണ്ടാണ് ഞാൻ ഹിന്ദു ആണെന്നോ, മുസ്ലീമാണെന്നോ, ഇന്ത്യക്കാരനാണെന്നോ, സ്ത്രീയാണെന്നോ എല്ലാം പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, വിളികളോട് നമ്മൾ പ്രതികരിക്കുമ്പോൾ ഞാനും എനും തമ്മിലുള്ള ഒരു തന്മയീഭാവമാണ് നടക്കുന്നത്. ഞാൻ എനായി മാറുകയാണ്. ‘എന്നോട് പറഞ്ഞു, ഞാൻ കേട്ടു’ എന്ന് പറയുമ്പോൾ ഇത് രണ്ടും തമ്മിൽ തന്മയീഭവിക്കുകയാണ്. ഓരോ സംബോധനയും പ്രവർത്തിക്കുന്നത് ഇങ്ങനെയാണ്. അതിലൂടെയാണ് ഒരു സ്വത്വനിർമ്മിതി നടക്കുന്നത് എന്ന് ആലോചിച്ചാൽ വിളിച്ചു വിളികേൾക്കുന്നില്ലെങ്കിൽ സ്വത്വരൂപീകരണം സാധ്യമല്ല എന്ന് പറയാം. ഞാനും എനും തമ്മിലുള്ള കൂട്ടിമുട്ടൽ നടക്കാതിരുന്നാൽ നമ്മൾ അതിനെ ubnormal ആയ ഒരു അവസ്ഥയായാണ് കാണുന്നത്. എന്നെ വിളിക്കുകയും ഞാൻ അത് ചെയ്യുകയും ചെയ്യുന്നത് normality ഒരു മാനദണ്ഡമായി എടുത്താൽ സ്വത്വസ്ഥാപനം നടക്കുന്നതിന്റെ അനിവാര്യമായ ആചാരമായി സംബോധനയേയും performances നെയും കരുതാം. ദേശത്തിന്റെ performative ആയ നിലനിൽപ്പിന്റെ അടിസ്ഥാനം നിങ്ങളെ സംബോധനയിലൂടെ ഭാവനയുടെ ലോകത്തേക്ക് ആനയിക്കുകയും അതിൽ പ്രതിഷ്ഠിക്കുകയും ചെയ്യുക എന്നതാണ്.

ദേശീയതയെ സംബന്ധിച്ചുള്ള ഏറ്റവും അപകടകരമായ ഇമേജ് വീട് എന്നതാണ്. ഇന്ത്യ എന്റെ വീട് ആകുന്നത് എങ്ങനെയാണ്? വേരുകളില്ലാത്ത എന്റെ being നെ ഉറപ്പിക്കുകയാണ് അതുവഴി ചെയ്യുന്നത്.

വീടിന്റെ പ്രത്യേകത എന്താണ്? വീടിന് വാതിൽ വേണം. വീടിന്റെ അകവും പുറവും വേർതിരിക്കുകയാണ് വാതിലിന്റെ ധർമ്മം. അകവും പുറവും തമ്മിലുള്ള വിനിമയങ്ങൾ നടക്കുന്നത് വാതിലൂടെയാണ്. ദേശത്തെ വീടായി സങ്കൽപ്പിച്ചാൽ അതിനും അകവും പുറവുമുണ്ട്. പുറപ്പേടി എപ്പോഴും ആ വീട്ടിലുണ്ടാകും. വീടിന്റെ അകത്തേക്ക് അപരിചിതരായ ആരെങ്കിലും വന്നാലോ, ഒരു അതിഥി അധികനേരം ഇരുന്നാലോ വീട്ടുകാർ അസ്വസ്ഥരാകും. വീടിന്റെ ഉള്ളിൽ വീട്ടുകാർ host ആണ്. അതിഥി വന്നാൽ നമ്മൾ hospitality കാണിക്കും. hospitality എന്ന വാക്കിൽ നിന്നു തന്നെയാണ് hostile (വിദ്വേഷമുള്ള) എന്ന വാക്കുണ്ടാകുന്നത് എന്ന് ദെറിദ പറയുന്നുണ്ട്. ഒരേ സമയം സ്വീകരിക്കുകയും hostility (വിദ്വേഷം) ഉണ്ടാക്കുകയും ചെയ്യുന്ന സ്ഥലമാണ് വീട്. അകവും പുറവും തമ്മിലുള്ള രാഗദ്വേഷ ബന്ധത്തിന്റെ ഉള്ളിലാണ് ഓരോ വീടും പണിയിക്കപ്പെട്ടിട്ടുള്ളത്. പുറപ്പേടിയിലാണ് ദേശരാഷ്ട്രവും നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ദേശം രൂപപ്പെടുത്തിന്റെ അനിവാര്യമായ ഉപാധിയായി performances നെ എടുത്താൽ, അതിന്റെ ഏറ്റവും പ്രധാന ചടങ്ങ് വിളിച്ച് വിളികേൾക്കലാണെങ്കിൽ, ഞാനും എനും തമ്മിലുള്ള തന്മയീഭാവത്തിലൂടെയാണ് അതിന്റെ പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നതെങ്കിൽ അവിടെയാണ് ഞാൻ ദേശീയഗാനത്തെ കാണുന്നത്. എല്ലാ ദേശരാഷ്ട്രങ്ങളുടെയും ഏറ്റവും പ്രധാനപ്പെട്ട performance ദേശീയഗാനമാണ്. മിലിറ്റന്റ് ദേശീയതയുടെ വിളംബരമായിട്ടാണ് അത് ഉണ്ടായിട്ടുള്ളത്. മാർച്ച് ചെയ്യാൻ പറ്റുന്ന പാട്ടുതന്നെ വേണ്ടിവരുന്നത് അതുകൊണ്ടാണ്. 'വന്ദേമാതരം' മാറി 'ജനഗണമന' വരുന്നതിന് കാരണവും അതായിരുന്നു. Performative ആയ ഒരു ദേശത്തെ ഉണ്ടാക്കിയെടുക്കുന്ന ഗാനമായി അതിനെ കാണണം. ഒരു ദേശീയഗാനം ആലപിക്കുമ്പോൾ നിർബന്ധമായി എഴുന്നേറ്റ് നിൽക്കുമ്പോഴും, നിർബന്ധമില്ലാതെ എഴുന്നേറ്റ് നിൽക്കുന്ന രീതിയിൽ നമ്മൾ മാറുമ്പോഴും ഞാനും എനും തമ്മിലുള്ള തന്മയീഭവിക്കലിലൂടെ സ്വാഭാവികമായ സ്വത്വനിർമ്മിതി നടക്കുകയാണ് ചെയ്യുന്നത്. എഴുന്നേറ്റ് നിൽക്കുന്ന ആ ശരീരം എന്താണ്? ദേശം എന്ന ഭാവന ശരീരചലനങ്ങളിലൂടെ മൂർത്തമായ രീതിയിൽ നമുക്ക് മുന്നിൽ നിൽക്കുകയാണ്. ശരീരങ്ങളുടെ അത് പ്രയുക്തമാവുകയാണ്. ദേശം എന്ന ഭാവന ശരീരത്തിലൂടെ പ്രയുക്തമാകുന്നതിന്റെ ചടങ്ങാണ് എഴുന്നേറ്റ് നിൽക്കുക എന്നത്. ദേശസ്നേഹിയല്ല എഴുന്നേറ്റ് നിൽക്കുന്നത്, എഴുന്നറ്റ് നിൽക്കുന്നതിലൂടെ ദേശസ്നേഹി ഉണ്ടാവുകയാണ് ചെയ്യുന്നത്. ദേശം എന്ന ഭാവന ശരീര ചലനങ്ങളിലൂടെ പ്രയുക്തമാകുന്നു. ശരീരചര്യകളുടെ ഭാഗമായി അത് മാറുന്നു. ദേശം എന്ന performative ആയി രൂപപ്പെട്ട ഒന്ന് വളരെ സ്വാഭാവികമായ നമ്മുടെ ശരീരചലനങ്ങളിലൂടെ പ്രയുക്തമാകുന്ന ഒന്നായി കാണുക എന്നത് ചിന്തിക്കേണ്ട സംഗതിയാണ്.

Performance ലൂടെ ഉണ്ടാകുന്ന ദേശത്തെ performance ന് മുമ്പ് ഉണ്ടായിരുന്ന ഒന്നായി സ്ഥാപിക്കുന്ന കർമ്മമാണ് ദേശീയഗാനം ചെയ്യുന്നത്. ജനഗണമന ദേശത്തെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നു. Performance ലൂടെ രൂപപ്പെടുന്ന ഒന്നിനെ അതിന് മുൻകൂറായി സ്ഥാപിക്കുകയും സ്വാഭാവികമായ ഒന്നാക്കുകയും ചെയ്യുന്നു. പ്രകൃത്യാലുള്ള ഒന്നായി ദേശത്തെ അത് മാറ്റുന്നു. വന്ദേമാതരത്തിലും ഇത് കാണാം. ഇതെല്ലാം ഞാൻ മുമ്പ് സൂചിപ്പിച്ച ഞാനും എനും തമ്മിലുള്ള വിടവിന് ഇടയിലുണ്ടാകുന്ന വെപ്രാളങ്ങളാണ്. ദേശത്തെയും ദേശീയഗാനത്തെയും ഇങ്ങനെ കാണുന്നത് വളരെ പ്രധാനമാണ് എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. ■

ദേശീയതയെ സംബന്ധിച്ചുള്ള ഏറ്റവും അപകടകരമായ ഇമേജ് വീട് എന്നതാണ്. ഇന്ത്യ എന്റെ വീട് ആകുന്നത് എങ്ങനെയാണ്? വേരുകളില്ലാത്ത എന്റെ യലശിഴ നെ ഉറപ്പിക്കുകയാണ് അതുവഴി ചെയ്യുന്നത്. വീടിന്റെ പ്രത്യേകത എന്താണ്? വീടിന് വാതിൽ വേണം. വീടിന്റെ അകവും പുറവും വേർതിരിക്കുകയാണ് വാതിലിന്റെ ധർമ്മം. അകവും പുറവും തമ്മിലുള്ള വിനിമയങ്ങൾ നടക്കുന്നത് വാതിലൂടെയാണ്. ദേശത്തെ വീടായി സങ്കൽപ്പിച്ചാൽ അതിനും അകവും പുറവുമുണ്ട്. പുറപ്പേടി എപ്പോഴും ആ വീട്ടിലുണ്ടാകും.

**വരനെ തേടുന്നു**

കണ്ണൂർ സ്വദേശിനി. 35 വയസ്. ബിരുദാനന്തര ബിരുദവും പി.എച്ച്.ഡിയുമുള്ള കോളേജ് അദ്ധ്യാപിക. സസ്യാഹാരി. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള, സാഹിത്യാഭിരുചിയുള്ള, തുറന്ന മനസ്സുള്ള ജീവിതപങ്കാളിയെത്തേടുന്നു.
*ബന്ധങ്ങൾക്ക്: 08762621978*